# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **4132** 25.06.2018 -ലെ മറുപടി

## കടലാക്രമണ ഫലമായി ഉണ്ടായ നാശനഷ്ടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.കെ.ഇബ്രാഹിംകുഞ്ഞ്<br>" ടി.വി.ഇബ്രാഹിം<br>" ടി.എ.അഹമ്മദ് കബീർ<br>" സി.മമ്മൂട്ടി | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിൽ ഉണ്ടാകുന്ന രൂക്ഷമായ കടലാക്രമണത്തിൽ തീരദേശവാസികൾ ആശങ്കയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) അടുത്തകാലത്തുണ്ടായ കടലാക്രമണത്തിന്റെ നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ; | (ബി) 2018 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലുണ്ടായ കടൽക്ഷോഭത്തിൽ 250 ഓളം മത്സ്യത്തൊഴിലാളി ഭവനങ്ങൾ ഉൾപ്പെടെ നിരവധി വീട്ടുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. 6 പേരുടെ മത്സ്യബന്ധനോപകരണങ്ങൾ പൂർണ്ണമായും, 5 പേരുടെ മത്സ്യബന്ധനോപകരണങ്ങൾ ഭാഗികമായും നഷ്ടപ്പെട്ടിട്ടുണ്ട്. വിവിധ ജില്ലകളിൽ കടൽക്ഷോഭത്തിന്റെ ഫലമായി കടൽഭിത്തിയ്ക്കും തീരദേശ റോഡുകൾക്കും ചിലയിടങ്ങളിൽ കൃഷി വിളകൾക്കും നാശം സംഭവിച്ചിട്ടുണ്ട്. |
| (സി) തീരദേശ സംരക്ഷണത്തിനായി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണമെന്ന ആവശ്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു; വിശദീകരിക്കുമോ;<br>(ഡി) കാലവർഷത്തിനു മുമ്പായി എന്തെല്ലാം തീരദേശസംരക്ഷണ നടപടികൾ പൂർത്തീകരിച്ചുവെന്നു വ്യക്തമാക്കുമോ? | (സി) യും (ഡി) യും തീരത്തിന്റെ സുരക്ഷ ഉറപ്പാക്കുന്നതിന് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വിവിധ രീതിയിലുള്ള തീര സംരക്ഷണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. രൂക്ഷമായ കടലാക്രമണം തടയുന്നതിന് കരിങ്കല്ല് ഉപയോഗിച്ചുള്ള നിർമ്മാണമാണ് അടിയന്തിര പ്രവൃത്തിയായി നടപ്പിലാക്കി വരുന്നത്. കരിങ്കൽ ക്ഷാമം അനുഭവപ്പെടുന്നതിനാൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോബാഗുകളിൽ മണൽ നിറച്ച് അടിയന്തിരമായി കടൽ തീരത്തെ സംരക്ഷിക്കുന്നതിന് നടപടികൾ |

സ്വീകരിച്ചുവരുന്നു. കരിങ്കൽക്ഷാമം പരിഗണിച്ച് ജിയോ സിന്തെറ്റിക് ട്യൂബ് ഉപയോഗിച്ചുള്ള കടൽഭിത്തിനിർമ്മാണം പരിഗണനയിലാണ്. കടലാക്രമണം ഏറ്റവും രൂക്ഷമായ പ്രദേശങ്ങൾ തിരിച്ചറിഞ്ഞ് പ്രതിരോധത്തിന് ആവശ്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി, ടി പ്രദേശങ്ങളുടെ ഫോട്ടോ സഹിതം, യുദ്ധകാലാടിസ്ഥാനത്തിൽ അനുമതി നൽകുന്നതിന് ജില്ലാ ഓഫീസർമാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

രൂക്ഷമായ കടലാക്രമണം നേരിടുന്ന ആലപ്പുഴ, അമ്പലപ്പുഴ ഭാഗങ്ങളിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് പുലിമുട്ടുകൾ നിർമ്മിക്കുന്നതിനായി എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി മുഖാന്തിരം നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ആലപ്പുഴ എറണാകുളം ജില്ലകളിൽ കടൽതീര സംരക്ഷണ പ്രവൃത്തികൾക്ക് നിലവിലുള്ള കരിങ്കല്ലിന്റെ ദൗർലഭ്യം പരിഗണിച്ച് എം.വി.ഐ.പി.ഇടയാർ കനാൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ലഭിച്ച കരിങ്കല്ല് ഉപയോഗിക്കുന്നതിനുള്ള അടിയന്തിര നടപടികളും സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ